# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: 6956 | 13/07/2012 - ൽ മറുപടിക്ക്.

## കൊല്ലം - കോവളം ജലപാത

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ | | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കൊല്ലം-കോവളം ജലപാതയുടെ സാക്ഷാത്ക്കാരത്തിനായി മുൻ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാമെന്ന് അറിയിക്കുമോ ; | : | (എ) കൊല്ലം-കോവളം ജലപാതയുടെ സാക്ഷാത്ക്കാരത്തിനായി മുൻ സർക്കാരിന്റെ കാലത്ത് 12-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ ഏറ്റെടുത്തു. അതു പ്രകാരം നടയറ കായൽ മുതൽ പരവൂർ കായൽ വരെയുള്ള 11 കി.മീ. ദൂരം ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. അതുപോലെ കഠിനംകുളം കായൽ മുതൽ അഞ്ചുതെങ്ങ് കായൽ വരെയുള്ള ചില പണികൾ പൂർത്തിയാക്കുകയും മറ്റു ചില പണികൾ പൂർത്തിയാക്കി വരുകയും ചെയ്യുന്നു. I.S.RO. പാലം മുതൽ കഠിനംകുളം കായൽ വരെയുള്ള പണികളിൽ രണ്ടെണ്ണം പൂർത്തീകരിക്കുകയും മൂന്നെണ്ണം പണികൾ പുരോഗമിക്കുകയും ചെയ്യുന്നു. കൂടാതെ നാല് പണികൾ ഭാഗികമായി പൂർത്തിയായിട്ടുണ്ട്. ഇതിന്റെ ബാക്കി പണികൾ ഏറ്റെടുക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൊല്ലം തോടിന്റ 1.66 കോടി രൂപയുടെ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് പൂർത്തീകരിച്ചു വരുന്നു. |
| (ബി) കൊല്ലം തോട്ടിൽ നടന്നുവരുന്ന ഡ്രഡ്ജിംഗിന്റെ പേരിൽ ലക്ഷക്കണക്കിനു രൂപയുടെ ചെളിയും മണലും രഹസ്യമായി കടത്തിക്കൊണ്ടിരിക്കുന്നതായ പത്രവാർത്തകളും നാട്ടുകാരുടെ ആരോപണങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | : | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡ്രെഡ്ജിംഗിൽ ലഭിക്കുന്ന മണലും ചെളിയും എഗ്രിമെന്റ് വ്യവസ്ഥകൾ പ്രകാരം കോൺട്രാക്ടറിൽ നിന്നും വില ഈടാക്കിയതിന് ശേഷം പാസ്സ് ഉപയോഗിച്ചാണ് കൊണ്ടുപോകുന്നത്. |
| (സി) പാർപ്പിടങ്ങളുടെ പണി പൂർത്തിയായിട്ടും തോടിനു സമീപമുള്ള കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് നടപടിയെടുക്കാത്തത് എന്തുകൊണ്ടാണ് ; | : | (സി) സുനാമി പുനരധിവാസഭവന പദ്ധതി പ്രകാരം നിർമ്മാണം പൂർത്തിയായ വീടുകളിലേക്ക് തോടിന് സമീപമുള്ള അനധികൃത താമസക്കാരെ മാറ്റുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. എന്നാൽ സുനാമിപുനരധിവാസഭവന പദ്ധതി പ്രകാരം നിർമ്മിച്ച ഫ്ളാറ്റ് മാതൃകയിലെ വീടുകൾ അനുവദിച്ചപ്പോൾ ചില ഗുണഭോക്താക്കൾ 3-4 സെന്റ് ഭൂമിയും, വീടും എന്ന ആവശ്യം ഉന്നയിച്ച് ഇവർക്ക് അനുവദിച്ച വീടുകളിലേക്ക് മാറുന്നതിന് വിസമ്മതിക്കുന്നതിനാൽ പൂർത്തിയായ കുറച്ച് വീടുകളിലേക്കുള്ള തോട് പുറമ്പോക്കിലെ ആളുകളുടെ പുനരധിവാസം പൂർണ്ണമായും നടപ്പിലായിട്ടില്ല. ടി ഗുണഭോക്താക്കൾ 3,4 സെന്റ് ഭൂമിയും, വീടും ആവശ്യപ്പെട്ട് ബഹു. ഹൈക്കോടതിയിൽ കേസുകൾ ഫയൽ ചെയ്യുകയും ചെയ്തിരുന്നു കൂടാതെ ചില ഗുണഭോക്തക്കൾ മേൽ പറഞ്ഞ ആവശ്യം ഉന്നയിച്ച് ബഹു. മുഖ്യമന്ത്രിയ്ക്കും, ബഹു. റവന്യൂ മന്ത്രിയ്ക്കും സമർപ്പിച്ച അപേക്ഷയിൻമേൽ നടപടി സ്വീകരിച്ചു വരുന്നു. |

| | | |
|---|---|---|
| (ഡി) പുനരധിവാസ പ്രവർത്തനം നടത്താതെ ഡ്രഡ്ജിംഗ് അനന്തമായി നീട്ടിക്കൊണ്ടുപോകുന്നത് മണൽ കടത്തിനെ സഹായിക്കാനാണെന്ന ആരോപണത്തെക്കുറിച്ച് അന്വേഷിക്കുമോ ; | : | (ഡി) പുനരധിവാസം ഏകദേശം 80 ശതമാനത്തിലധികം പൂർത്തിയായ ഭാഗങ്ങളിലാണ് കനാലിന്റെ ആഴംകൂട്ടലും, അതിർത്തി വേലി കെട്ടി സുരക്ഷിതമാക്കുന്ന ജോലികളും നടന്നു വരുന്നത്. തോടിന്റെ വശങ്ങളിൽ താമസിക്കുന്നവർ കോടതിയിൽ കേസ് ഫയൽ ചെയ്തതും, ഇടക്കാല വിധി സമ്പാദിച്ചതും, മറ്റ് ആവശ്യങ്ങൾ ഉന്നയിച്ച് നിലവിലുള്ള തോട് പുറമ്പോക്കിലെ താമസക്കാർ ഒഴിഞ്ഞ് പോകാത്തത് ഡ്രഡ്ജിംഗ് ജോലികൾ നീണ്ടുപോകുന്നതിന് കാരണമാകുന്നു. |
| (ഇ) ജലപാതയ്ക്കനുസരണമായി വിവിധ ഭാഗങ്ങളിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന ബോട്ടു ജെട്ടികളുടെ നിർമ്മാണ പ്രവർത്തനം പൂർത്തിയായിട്ടുണ്ടോ ; | : | (ഇ) വിവിധ ഭാഗങ്ങളിൽ ഏറ്റെടുത്ത ബോട്ടു ജെട്ടികളുടെ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കിയിട്ടുണ്ട്. |
| (എഫ്) കൊല്ലം-കോവളം ജലപാത യാഥാർത്ഥ്യമാക്കാൻ സത്വര നടപടി കൈക്കൊള്ളുമോ ? | : | (എഫ്) കൊല്ലം-കോവളം ജലപാത ഗതാഗതയോഗ്യമാക്കാൻ വേണ്ട നടപടികൾ ഇപ്പോൾ പുരോഗതിയിലാണ്. 13-ാം ധനകാര്യ കമ്മീഷനിലും, സ്റ്റേറ്റ് പ്ലാനിലും പെടുത്തി പണികൾ ഏറ്റെടുത്തിട്ടുണ്ട്. ബാക്കി ഭാഗങ്ങളിൽ പണികൾ ഏറ്റെടുക്കാനുള്ള ഫണ്ടിന്റെ ലഭ്യതയെക്കുറിച്ച് ചർച്ചകൾ നടത്തി വരുന്നു. |

Sham...

സെക്ഷൻ ഓഫീസർ